പെരുന്തേനരുവി ജലവൈദ്യുത പദ്ധതി

46 (392) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയമസഭ മണ്ഡലത്തിലെ പെരുന്തേനരുവി കേന്ദ്രീകരിച്ച് നടപ്പാക്കുന്ന ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണ് ; എത്ര മെഗാവാട്ടിന്റെ പദ്ധതിയാണിത് ; ഈ പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഇതിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ; എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത് ; കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കേണ്ടത് എന്നാണ് ; ഇപ്പോഴത്തെ നിർമ്മാണ പുരോഗതി യനുസരിച്ച് കരാർ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമോ ; ഇല്ലെങ്കിൽ ഇതിനായി എന്തു നടപടി സ്വീകരിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ ;

(സി) ഇതിനായി ഡാം നിർമ്മിക്കുമ്പോൾ ഡാമിനു മുകളിലൂടെ ഇരുവശത്തേക്കും വാഹനയാത്ര ചെയ്യാൻ കഴിയും വിധം റോഡ് കൂടി ഉൾപ്പെടുത്തിയാണോ ഡിസൈൻ തയ്യാറാക്കിയിട്ടുള്ളത് ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഡാം നിർമ്മിക്കുമ്പോൾ ഇപ്പോൾ പെരുന്തേനരുവിയിലുള്ള സ്വാഭാവിക വെള്ളച്ചാട്ടവും മറ്റും ഇല്ലാതാകുമെന്ന ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെള്ളച്ചാട്ടവും അനുബന്ധ ടൂറിസം സാദ്ധ്യതയുമുള്ള സ്ഥലവും സംരക്ഷിക്കുന്നതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) പെരുന്തേനരുവി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം 2-3-2012-ൽ ആരംഭിച്ചു. ഇത് 6MW-ന്റ പദ്ധതിയാണ്. ഈ പദ്ധതിക്ക് 6790 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പദ്ധതിയുടെ 40% പണികൾ പൂർത്തിയായി. ഇപ്പോൾ പവർ ചാനൽ, ഫോർബേ, പവർഹൗസ് എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. ഡാമിനുവേണ്ടി സ്ഥലം പൂർണ്ണമായും ലഭ്യമായിട്ടില്ല. ഡാമിനുവേണ്ടി കേരള ഇലക്ട്രിസിറ്റി ബോർഡ് ഏറ്റെടുത്ത സ്ഥലത്തെ പാറപൊട്ടിക്കൽ പൂർത്തിയായി. കോൺക്രീറ്റ് പണികൾ തുടങ്ങുന്നതിനായി ഇലക്ട്രോമെക്കാനിക്കൽ ഉപകരണങ്ങൾ എത്തിച്ചേർന്നിട്ടുണ്ട്. കരാർ പ്രകാരം സിവിൽ ജോലികൾ 21-3-2014-നും Electro mechanical ജോലികൾ 24-8-2013-നുമാണ് പൂർത്തിയാക്കേണ്ടിയിരുന്നത്. എന്നാൽ രണ്ട് കരാറിന്റെയും കാലാവധി 30-6-2015 വരെ നീട്ടിയിട്ടുണ്ട്. ഇപ്പോഴത്തെ നിർമ്മാണ പുരോഗതി അനുസരിച്ച് കരാർ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയില്ല. ആയതിനാൽ കരാറിന്റെ കാലാവധി 6/2016 വരെ നീട്ടി നൽകേണ്ടതായി വരും.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡാമിനുമുകളിലൂടെ ഇരുവശത്തേയ്ക്കും വാഹനയാത്ര ചെയ്യാൻ കഴിയും വിധം റോഡ് കൂടി ഉൾപ്പെടുത്തിയാണ് ഡാം ഡിസൈൻ ചെയ്തിരിക്കുന്നത്. ഡാമിനുമുകളിൽ കൂടി 2.4 M വീതിയുള്ള RCC bridge ആണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതിൽക്കൂടി ജീപ്പ് തുടങ്ങിയ light vehicle -ന് കടന്നുപോകാൻ കഴിയും. എന്നാൽ ഡാമിന്റെ വലതുകരയിൽ റോഡിനുവേണ്ട സ്ഥലം ഇതുവരെയും ലഭ്യമായിട്ടില്ല.

(ഡി) ഉണ്ട്. ഈ പദ്ധതി ഒരു റൺ-ഓഫ്-റിവർ സ്കീം ആയാണ് വിഭാവനം ചെയ്തിരിക്കുന്നത്. നദിയിലെ ജലം പൂർണ്ണമായും ഉപയോഗിക്കാത്തതിനാലും ഡാമിന്റെ സംഭരണശേഷി കുറവായതിനാലും 120 M ഗേറ്റില്ലാത്ത സ്പിൽവേ കൊടുത്തതിനാലും അധികജലം താഴേയ്ക്ക് ഒഴുക്കി വെള്ളച്ചാട്ടം നിലനിർത്തുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ആയതിനാൽ അവിടുത്തെ ടൂറിസം സാധ്യതയ്ക്ക് കുറവ് വരില്ല.

കാർഷികാവശ്യത്തിന് വൈദ്യുതി താരിഫ്

47 (393) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാണ്യവിളകളുടെ കാർഷികാവശ്യത്തിനുള്ള വൈദ്യുതി ഉപയോഗം കാർഷിക താരിഫിൽ നിന്നും മാറ്റി വ്യാവസായിക താരിഫായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത മാറ്റത്തിലൂടെ താരിഫിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത് ;

(സി) പ്രസ്തുത താരിഫിലെ വർദ്ധന, സബ്സിഡിയായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 16-8-2014-ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ ലോ ടെൻഷൻ വിഭാഗത്തിൽ വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള നാണ്യവിളകളെ കാർഷിക താരിഫിൽ നിന്ന് മാറ്റി വ്യാവസായിക താരിഫിലേക്ക് ആക്കിയിട്ടുണ്ട്. വിതരണ ലൈസൻസി എന്ന നിലയിൽ കമ്മീഷൻ അംഗീകരിച്ച നിരക്കിൽ മാത്രമേ വൈദ്യുതി ചാർജ്ജ് ഈടാക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് സാധിക്കുകയുള്ളൂ.

(ബി) നാണ്യവിളകളുടെ താരിഫ് മാറ്റത്തിലൂടെ വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly